**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

| | |
|---|---|
| **നക്ഷത്ര ചിഹ്നമിടാത്ത** | **09/07/2012 -ൽ മറുപടി** |
| **ചോദ്യം നം: 5814** | **നൽകേണ്ടിയിരുന്നത്** |

## പാട്ടക്കാലാവധി കഴിഞ്ഞ കല്ലേലി എസ്റ്റേറ്റ് അവകാശിക്ക് തിരികെ നൽകാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ഡോ.എൻ.ജയരാജ് | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ബ്രിട്ടീഷ് ഭരണകാലത്ത് ഒരു വിദേശ കമ്പനിക്ക് പ്ലാന്റേഷൻ നടത്തുന്നതിന് 99 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകിയിരുന്ന ഇടമന ഇല്ലത്തിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന പത്തനംതിട്ട ജില്ലയിലെ 2500 ഏക്കറിലധികം വരുന്ന ഭൂമി (കല്ലേലി എസ്റ്റേറ്റ്) പിന്നീട് ഹാരിസൺ മലയാളത്തിന്റെ അധീനതയിൽ വന്ന് ചേർന്നത് നിയമപ്രകാരമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;<br>(ബി) പാട്ടക്കാലാവധി കഴിഞ്ഞിട്ടും നിർധന ബ്രാഹ്മണ കുടുംബത്തിന് അർഹതപ്പെട്ട ഈ ഭൂമി ആർ.പി.ജി. എന്ന കമ്പനി (ഹാരിസൺ മലയാളം) അനധികൃതമായി കൈവശം വച്ചിരിക്കുന്നതിനെതിരെ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ; | | എ & ബി<br>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹാരിസൺ മലയാളം ലിമിറ്റഡ് എന്ന സ്ഥാപനം കൈവശം വച്ചിട്ടുള്ള ഭൂമികളുടെ ഉടമസ്ഥത സംബന്ധിച്ച് കേരള സർക്കാർ OP(c) No.3508/11 നമ്പരായി ബഹു. ഹൈക്കോടതിയിൽ വ്യവഹാരം ഫയൽ ചെയ്തിട്ടുള്ളതാണ്. ആയത് ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. |
| (സി) പാട്ടക്കാലാവധി കഴിഞ്ഞ മുഴുവൻ തോട്ടങ്ങളും ഏറ്റെടുക്കുമെന്നും സ്വകാര്യ വ്യക്തികൾക്ക് അവകാശപ്പെട്ടവ അവർക്ക് തന്നെ വിട്ടു നൽകുമെന്നും ബഹു. വനം മന്ത്രി നടത്തിയിട്ടുള്ള പ്രസ്താവനയിന്മേൽ എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം തോട്ടങ്ങളിന്മേലാണ് നടപടി സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; | (സി) | ഇത് സംബന്ധിച്ച് വിവരങ്ങളൊന്നും ലഭ്യമല്ല. |
| (ഡി) സർക്കാർ രേഖകൾ പ്രകാരം ഹാരിസൺ മലയാളം (ആർ.പി.ജി) കൈവശം വച്ചിരിക്കുന്ന കല്ലേലി എസ്റ്റേറ്റിന്റെ ഉടമസ്ഥാവകാശം ആർക്കാണ് ഉള്ളതെന്ന് വെളിപ്പെടുത്തുമോ ; എങ്കിൽ ആയതിന്റെ രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ ; | (ഡി) | അരുവാപ്പുലം വില്ലേജ് ആഫീസിലെ 354 -ാം നമ്പർ തണ്ടപ്പേരിൻ പ്രകാരം സർവ്വെ 545/1-ൽപ്പെട്ട 831.52 ഏക്കർ ഭൂമിയിടം പുലിയൂർ ചേരിശ്ശേരിയിൽ മുറിയിൽ എടമന മഠത്തിൽ ഈശ്വരൻ എന്ന സ്ഥാനപ്പേരുള്ള കിയ്യാരു കിയ്യാരു പണ്ടാരത്തിൽ എന്ന പേരിലും 399-ാം |

നമ്പർ തണ്ടപ്പേരിൻ പ്രകാരം സർവ്വെ 546/1, 544/1-2 etc ൽപ്പെട്ട 727.90.37 ഹെക്ടർ സ്ഥലം മലയാളം പ്ലാന്റേഷൻസ് ക്ലിപ്തം എന്ന പേരിലും രേഖപ്പെടുത്തി കാണുന്നു.

(ഇ) അനധികൃത കൈവശക്കാരെ ഒഴിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കമോ ;

**(ഇ)** OP(c)No.3508/11 ലെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ നിയമാനുസരണം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) കല്ലേലി എസ്റ്റേറ്റിന്റെ ഉടമസ്ഥാവകാശം കോടതി മുഖേന ഇടമന ഇല്ലത്തിന് ലഭിച്ചിരിക്കെ ഈ വസ്തു സംബന്ധിച്ച് മറ്റെന്തെങ്കിലും അവകാശവാദവുമായി ആരെങ്കിലും കോടതിയെ സമീപിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കമോ ;

**(എഫ്)** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) കല്ലേലി എസ്റ്റേറ്റിന്റെ പാട്ടക്കാലാവധി കഴിഞ്ഞ സ്ഥിതിയ്ക്ക്, വസ്തു ഉടമസ്ഥർക്ക് തിരികെ നൽകുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കമോ ?

**(ജി)** 1963-ലെ കേരള ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിൽ വന്നതു മുതൽ അന്ന് വരെ നിലവിലുണ്ടായിരുന്ന എല്ലാ പാട്ട ഭൂമികളുടേയും ജന്മാവകാശം പ്രസ്തുത നിയമം വകുപ്പ്-72 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിത്തീരുന്നതാണ്.

**സെക്ഷൻ ഓഫീസർ**